# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ** 3191 18-10-2016-ൽ **മറുപടിക്ക്**

## നെയ്യാറ്റിൻകര 66 കെ.വി സബ് സ്റ്റേഷൻ 110 കെ.വി ആക്കി ഉയർത്തുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ. ആൻസലൻ** | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) നെയ്യാറ്റിൻകരയിൽ 40 വർഷം മുൻപ് സ്ഥാപിച്ച 66 കെ.വി സബ് സ്റ്റേഷൻ 110 കെ.വി ആക്കി ഉയർത്തുന്നതിനുള്ള നടപടി അടിയന്തരമായി പൂർത്തീകരിക്കുമോ; ഇത് എന്ന് കമ്മീഷൻ ചെയ്യുമെന്ന് വെളിപ്പെടുത്തുമോ; | (എ) നെയ്യാറ്റിൻകര 66 കെ.വി സബ് സ്റ്റേഷൻ, 110 കെ.വി സബ് സ്റ്റേഷൻ ആക്കി ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2017 ഡിസംബറോടെ പണികൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ എച്ച്. റ്റി. കണക്ഷൻ നൽകുന്ന ജോലി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ എച്ച്.റ്റി വൈദ്യുതി കണക്ഷൻ നൽകുന്നതിനായി കെട്ടിടത്തിന്റെ വയറിംഗ് പൂർത്തീകരിച്ച് മതിയായ രേഖകൾ ഹാജരാക്കുന്നതിനു വേണ്ടി 29.08.2016 ന് ആശുപത്രി സൂപ്രണ്ടിനെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. വയറിംഗ് പൂർത്തീകരിച്ച് മതിയായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) നെയ്യാറ്റിൻകര നഗരത്തിൽ സ്ഥാപിച്ചിട്ടുള്ള യു. ജി. കേബിളുകൾ ഉടൻ പ്രവർത്തനക്ഷമമാക്കുമോ; | (സി) നെയ്യാറ്റിൻകര നഗരത്തിൽ നിലവിൽ സ്ഥാപിച്ചിട്ടുള്ള എല്ലാ യു.ജി. കേബിളുകളും പ്രവർത്തനക്ഷമമാണ്. |
| (ഡി) നെയ്യാറ്റിൻകര മണ്ഡലത്തിൽ അപകടകരമായി സ്ഥിതി ചെയ്യുന്ന ട്രാൻസ്ഫോമറുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) അപകടകരമായി സ്ഥിതിചെയ്യുന്ന ട്രാൻസ്ഫോർമറുകളുടെ അപകടാവസ്ഥ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

Kemalekha

സെക്ഷൻ ഓഫീസർ